15. സ്ക്വാഷ് കോർട്ട്
16. റീറ്റെയിൽ/ഫുഡ്കോർട്ട്/ക്ലബ്ബ് സൗകര്യങ്ങൾ
17. 2500 കാർ പാർക്ക് ചെയ്യാനുള്ള സൗകര്യങ്ങൾ
18. ഡോർമിറ്ററി ഗസ്റ്റ് ഹൗസ് സൗകര്യങ്ങൾ
19. ഫസ്റ്റ് എയ്ഡ് സൗകര്യങ്ങൾ
20. ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് ആയുള്ളവർക്ക് കളി കാണാനുള്ള പ്രത്യേക സൗകര്യങ്ങൾ
21. വീതിയേറിയ സ്റ്റെയർകേസ് റാംപ്, ലിഫ്റ്റ് സൗകര്യങ്ങൾ
22. ആധുനിക നിലവാരത്തിലുള്ള സ്പോർട്സ് ലൈറ്റുകൾ
23. സ്കോർ ബോർഡുകൾ.

(ബി) 2015 സെപ്തംബറിൽ സ്റ്റേഡിയം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ആകെ നിർമ്മാണച്ചെലവ് 161 കോടിയായി കണക്കാക്കിയിരിക്കുന്നു. കരാർ പ്രകാരം സ്റ്റേഡിയത്തിന്റെ നിർമ്മാണസമയം മുതൽ 15 വർഷത്തേയ്ക്കുള്ള സുരക്ഷാചുമതല കരാറുകാരായ IL & FS Transportation Network Ltd. എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്.

നീന്തൽക്കുളം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി

311 (315) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് ദേവമാതാ കോളേജിലെ നീന്തൽക്കുളം നിർമ്മാണം സംബന്ധിച്ച LAC-ADF വഴി സമർപ്പിച്ച 107303/NCB/Fin/2014 നമ്പർ ഫയൽ കേരളാ സ്പോർട്സ് കൗൺസിലിന് അയച്ചതിനുശേഷം തിരികെ കിട്ടുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ; ഈ ഫയൽ എത്രയും വേഗം ക്ലിയർ ചെയ്ത് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കേരളാ സ്പോർട്സ് കൗൺസിൽ ഈ പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഈ ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ് ; ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുറവിലങ്ങാട് ദേവമാതാ കോളേജിലെ നീന്തൽക്കുള നിർമ്മാണത്തിനായി സർക്കാരിൽ ലഭിച്ച പ്രൊപ്പോസലിന്മേൽ LAC-ADF വിഹിതം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി വിഹിതം മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് 331/എ 2/15/കാ.യു.വ തീയതി,

LIBRARY ARCHIVES Kerala Legislative Assembly

25-2-2015 പ്രകാരം കത്ത് അയച്ചിരുന്നു. ഇതു സംബന്ധിച്ച് പ്രൊപ്പോസലുകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭ്യമല്ലാതിരുന്നതിനാലും 2015-16-ലെ പദ്ധതിവിഹിതത്തിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും SMILE പദ്ധതിയിലുൾപ്പെടുത്തി 'ടി' നീന്തൽക്കുളനിർമ്മാണം നടപ്പിലാക്കാനാകുമോ എന്നതും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി കായികയുവജന കാര്യാലയത്തിലേയ്ക്ക് 8-4-2015-ലെ KSSC/B3/2377/14 നമ്പർ കത്ത് റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച സർക്കാർ ഹയർ കായിക യുവജനകാര്യ (എ) വകുപ്പിൽ ലഭ്യമാണ്.

ചലച്ചിത്ര രംഗത്തെ പരിഷ്കരണം

312 (316) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പരിഗണനയിലുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേള തുടങ്ങിയവയുടെ പരിഷ്കരണം സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ഫിലിം സബ്സിഡി തുകയും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പ്, ഫിലിം അവാർഡ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ജെ.സി. ഡാനിയേൽ അവാർഡ് തുക വർദ്ധിപ്പിക്കൽ, സിനിമാറ്റോഗ്രഫി നിയമ പരിഷ്കരണം എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായും ശ്രീ. ഷാജി എൻ. കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി. സുരേഷ്കുമാർ എന്നിവർ അംഗങ്ങളായും ശ്രീമതി റാണി ജോർജ്ജ് മെമ്പർ സെക്രട്ടറിയായും ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly